ഗവൺമെന്റ് പ്രമേയം

ചട്ടം 118 അനുസരിച്ചുള്ള പ്രമേയം

കോവിഡ് വാക്സിൻ

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കഴിഞ്ഞ ഒന്നരവർഷക്കാലമായി ലോകരാഷ്ട്രങ്ങളെ പിടിച്ചു കുലുക്കുന്ന മഹാമാരിയായ കോവിഡ്-19-നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ ലോക്ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാൽ ദുർബലമായ സമ്പദ്ഘടനയെ അത് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗം തന്നെ സമ്പദ്ഘടനയെ പ്രതിസന്ധിയിൽ എത്തിച്ച ഘട്ടത്തിലാണ് ഈ മഹാമാരിയുടെ രണ്ടാം തരംഗം ഉണ്ടായിരിക്കുന്നത്. കോവിഡ്-19 മഹാമാരിയെ ഉന്മൂലനം ചെയ്യുന്ന ലക്ഷ്യത്തിന് എല്ലാ തലത്തിലുമുള്ള സർക്കാരുകളും പരമപ്രാധ്യാന്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായുള്ള ഏറ്റവും നല്ല മാർഗ്ഗം സാമൂഹ്യതലത്തിൽ കോവിഡ്-19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിയാണ്. ഇതിന് ഏറ്റവും പ്രധാനമായത് സാർവത്രികമായ വാക്സിനേഷനാണ്. അത് എല്ലാ

ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവ്വത്രികവുമായി നൽകാൻ കഴിയണം. അതിലൂടെ വാക്സിനേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എന്നതാണ് ഇപ്പോൾ നമുക്കു മുന്നിലുള്ള അടിയന്തരമായ കടമ.

വാക്സിൻ ഉൽപാദനത്തിലെ കുറവും വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് പരമാവധി സാമ്പത്തിക ചൂഷണം നടത്താനാണ് വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിക്കുന്ന തുക വൃഥാവിലാണെന്ന കാഴ്ചപ്പാടല്ല വേണ്ടത്. ജനജീവിതം സാധാരണ നിലയിലാവുകയും വാണിജ്യ വ്യാപാര സേവനരംഗങ്ങൾ സ്വാഭാവികത വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും രാജ്യത്തെ കൈപിടിച്ചുയർത്താൻ കഴിയും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കേന്ദ്ര സർക്കാരിന് കഴിയണം.

മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. എന്നാൽ, അതിൽ നിന്നും വ്യത്യസ്തമായ നടപടികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകുന്നത്. കേന്ദ്ര സർക്കാർ വാക്സിൻ സൗജന്യമായി നൽകുന്നതിനു പകരം സംസ്ഥാനങ്ങളോട് കമ്പോളങ്ങളിൽ മത്സരിക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനു പകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടിയെടുത്താൽ അത് രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭം ചെറുതായിരിക്കില്ല. കേരളത്തിൽ കൊവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും നമുക്കു കഴിയും.

വർത്തമാന കാലത്ത് കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് എല്ലാ പിന്തുണയും നേതാക്കൾ അറിയിച്ചതാണ്. അതുകൊണ്ടുതന്നെ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഞങ്ങൾ ഈ പ്രമേയത്തെ ശക്തിപ്പെടുത്താനുള്ള ചില ഭേദഗതികളാണ് നിർദ്ദേശിക്കുന്നത്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. <u>പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ ഒൻപതാം വരിയിൽ,</u>

"പരിഗണിക്കേണ്ടതാണ്" എന്നതിനുപകരം "സ്വീകരിക്കണം" എന്ന് ചേർക്കുക.

'.... വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്'. എന്നത് സ്പെസിഫിക്കായി നമ്മൾ പറയണം. പരിഗണിക്കേണ്ടതാണ് എന്നല്ല, കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം എന്ന് മാറ്റം വരുത്തണം. ഒരു സ്പഷ്ടത വേണം.

2. <u>പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ പതിനേഴാം വരിയിൽ,</u>

"കേന്ദ്രസർക്കാരിന് കഴിയണം" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ലോകരാഷ്ട്രങ്ങൾ പലതും ഈ ദിശയിൽ ഏറെ മുന്നേറി എങ്കിലും, നമ്മൾ വളരെ പുറകിലാണ്. ലോകത്തെ പല രാജ്യങ്ങളും ഇതിനകം സമ്പൂർണ്ണ വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്."

നമ്മൾ എന്നതുകൊണ്ട് ഉദ്ദേശിച്ചത് ഇന്ത്യയെ ആണ്. ഈ പ്രമേയത്തിന്റെ ഒരു സമഗ്രതയ്ക്ക് അത് ആവശ്യമായതുകൊണ്ട് അങ്ങനെ ചേർക്കണം.

3. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാലാം വരിയിലെ,</u>

"ആവശ്യക്കാർക്ക്" എന്നതിനുപകരം "പൊതുജനങ്ങൾക്ക്" എന്ന് ചേർക്കുക.

ഇത് ആവശ്യക്കാർക്ക് കൊടുക്കുന്ന സാധനമല്ല. "...കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ..." എന്നാണ് പറഞ്ഞിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിലേയ്ക്ക് വാക്സിനുമായി ചെന്നപ്പോൾ അവരത് സ്വീകരിക്കാൻ തയ്യാറാകുന്നില്ല. അവരെ ഇതുസംബന്ധിച്ച് ബോധ്യപ്പെടുത്തണം. ആവശ്യക്കാർക്കല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമാണ് നമ്മൾ വാക്സിനേഷൻ കൊടുക്കേണ്ടത്.

4. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ,</u>

"അതിനാൽ" എന്നതിനുശേഷം "കേരളം ആവശ്യപ്പെടുന്ന" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

5. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനേഴാം വരിയിൽ,</u>

"തീർച്ചയായും" എന്നതിനുശേഷം വരുന്ന "നമുക്ക്" എന്നതിനുപകരം "കേരളത്തിനു" എന്ന വാക്ക് ചേർക്കുക.

അതായത് "...കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ വാക്സിൻ ലഭ്യമായാൽ കേരളം ആവശ്യപ്പെടുന്ന വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും നമുക്ക് കഴിയും" എന്നാണ് പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. അത് നമ്മൾ പറയുമ്പോൾ നമുക്ക് കഴിയും എന്നുപറയാം. എന്നാൽ ഈ പ്രമേയം കേന്ദ്ര സർക്കാരിലേയ്ക്ക് പോകുമ്പോൾ അവിടെ കുറേക്കൂടി ഉചിതമായ വാക്ക് "നമുക്ക്" എന്നതിനുപകരം "കേരളത്തിന് കഴിയും"എന്നുള്ളതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ പ്രമേയത്തെ പൊതുവെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

6. <u>പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിലെ,</u>

"കോവിഡ്-19 നെ പ്രതിരോധിക്കാൻ" എന്നതിനുപകരം "കോവിഡ് -19 ന്റെ രണ്ടാം തരംഗത്തിന്റെ വ്യാപനം തടയുന്നതിനും ഇനി ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പ്രതീക്ഷിക്കുന്ന മൂന്നാം തരംഗത്തെ പ്രതിരോധിക്കാനും" എന്ന് ചേർക്കുക.

7. <u>പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിലെ,</u>

"ദുർബലമായ സമ്പദ്ഘടനയെ" എന്നതിന് പകരം "സംസ്ഥാനത്തിന്റെ ദുർബലമായ സമ്പദ്ഘടനയെ" എന്ന് ചേർക്കുക.

കേന്ദ്രത്തിന്റെ ദുർബലമായ സമ്പദ്ഘടനയാണോ സംസ്ഥാനത്തിന്റേതാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതാണോ എന്നുള്ള സംശയം ഉണ്ടാകാൻ പാടില്ല.

8. <u>പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ,</u>

"പരമപ്രാധാന്യത്തോടെ" എന്നതിനുശേഷം "ഒത്തൊരുമിച്ച്" എന്ന് കൂട്ടി ചേർക്കുക.

ഇവിടെ ഇന്ന് രാവിലെത്തന്നെ പ്രതിപക്ഷത്തും ഭരണപക്ഷത്തും വന്ന പൊതുവികാരം..., ആ ഒത്തൊരുമിച്ച് എന്നുള്ള വാക്ക് നിർബന്ധമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിനിടയ്ക്ക് അത് നഷ്ടപ്പെട്ടുപോകുകയും ചെയ്തു.

9. <u>പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,</u>

"ഉല്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്" എന്നതിനുശേഷം "കൂടാതെ ആദ്യഘട്ടത്തിൽ രാജ്യത്തെ ജനങ്ങൾക്ക് വാക്സിൻ നൽകാതെ വാക്സിനുകൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്ത കേന്ദ്ര നടപടിയും രാജ്യത്തെ ഇപ്പോഴത്തെ വാക്സിൻ ദൗർലഭ്യതയ്ക്ക് കാരണമായി" എന്ന് ചേർക്കുക.

കാരണം, നമ്മുടെ ജനങ്ങളുടെ കാര്യംനോക്കാതെ വിദേശത്തേയ്ക്ക് കയറ്റി അയച്ച് മേനിനടിക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചതാണ് ഒരുകാര്യം എന്നതാണ് എന്റെ വിചാരം.

10. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ,</u>

"ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്" എന്നതിനുശേഷം "കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക ബുദ്ധിമുട്ടിലായ സംസ്ഥാനത്തെ കേന്ദ്രസർക്കാരിന്റെ ഈ നടപടി കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലാക്കും" എന്ന് ചേർക്കുക.

എന്റെ ഈ ഭേദഗതികളെല്ലാം അംഗീകരിക്കാവുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, സർക്കാർ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഈ പ്രമേയത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു. സാർവ്വത്രികമായ വാക്സിനേഷൻ പരാജയപ്പെടാൻ ഇടയായ മൂന്ന് പ്രധാനപ്പെട്ട കാരണങ്ങൾ ഈ പ്രമേയത്തിൽ കൃത്യമായും എഴുതിച്ചേർക്കണമെന്ന് ആവശ്യപ്പെടുകയാണ്.

11. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,

"വാക്സിൻ ഉത്പാദനത്തിലെ കുറവും" എന്നതിനുശേഷം "ഇന്ത്യയിൽ നിർമ്മിക്കുന്ന വാക്സിനുകൾ സ്വന്തം ആവശ്യത്തിന് നീക്കി വെയ്ക്കാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ചതും, വാക്സിൻ നിർമ്മാണം ഒറ്റകമ്പനിയെ മാത്രം ഏൽപ്പിച്ചതും ലോക വിപണിയിൽ ലഭ്യമായ നല്ല വാക്സിനുകൾ ഇന്ത്യയിൽ ലഭ്യമാക്കാതെയും കേന്ദ്ര സർക്കാർ സ്വീകരിച്ച സമീപനമാണ് സാർവ്വത്രിക വാക്സിനേഷൻ പരാജയപ്പെടുന്നതിലെ പ്രധാന കാരണം" എന്ന് കൂട്ടിച്ചേർക്കുക.

സ്വന്തം ആവശ്യത്തിന് നീക്കിവയ്ക്കാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ചു. AstraZeneca എന്ന കമ്പനി പണം ചെലവഴിച്ച് Oxford University വികസിപ്പിച്ചെടുത്ത ChAdOx1 എന്ന Chimpanzee Adenovirus Oxford 1 എന്ന വാക്സിൻ Serum Institute of India, അവരെ മാത്രം ഏൽപ്പിച്ചു. എന്നിട്ട് അവർ ഉൽപ്പാദിപ്പിച്ച് അയയ്ക്കുന്ന Covishield vaccine രാജ്യത്തെ ജനതയ്ക്ക് നൽകാതെ കയറ്റി അയച്ചു. ലോകരാജ്യങ്ങൾ മുഴുവൻ വാക്സിനുകൾ വാങ്ങിക്കൂട്ടുമ്പോൾ ഇന്ത്യൻ പൊതുമേഖലാ സ്ഥാപനമായ Indian Council of Medical Research (ICMR)

പരീക്ഷണം നടത്തി Bharat Biotech നിർമ്മിച്ച കൊവാക്സിൻ ഇന്ത്യയിൽ ലഭ്യമാക്കുന്നതിന്റെ കൂടെത്തന്നെ അവർ വിദേശത്തേയ്ക്ക് കയറ്റി അയച്ചു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ടി. സിദ്ദിഖ്, പ്രസംഗമല്ല. അങ്ങയുടെ ഭേദഗതി മാത്രം അവതരിപ്പിക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, അതിലേയ്ക്കാണ് വരുന്നത്. സ്വന്തം ആവശ്യത്തിന് നീക്കിവയ്ക്കാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ചു. രണ്ടാമത്തെ കാര്യം, വാക്സിൻ നിർമ്മാണം ഒറ്റക്കമ്പനിയെ മാത്രം ഏൽപ്പിച്ചതും ലോകവിപണിയിൽ....

(...ബഹളം...)

മി. സ്പീക്കർ: അദ്ദേഹം പുതിയ അംഗമാണ്. ശ്രീ. ടി. സിദ്ദീഖ്, മറ്റ് രണ്ടംഗങ്ങൾ അവതരിപ്പിച്ചതുപോലെ ഭേദഗതി മാത്രം അവതരിപ്പിക്കുക. അതാണ് നടപടിക്രമം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ മൂന്നാം ഖണ്ഡികയിൽ താഴെപ്പറയുംപ്രകാരം മാറ്റം വരുത്തണമെന്ന് പറഞ്ഞ് മൂന്ന് കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു എന്നാണ് പറഞ്ഞത്. അതിൽ ഒന്ന്,....

മി. സ്പീക്കർ: അതിനി ആവർത്തിക്കേണ്ടതില്ല. വ്യക്തമായതാണ്. അടുത്തത് പറയൂ.

ശ്രീ. ടി. സിദ്ദിഖ്: സർ, വാക്സിൻ നിർമ്മാണം ഒറ്റക്കമ്പനിയെ മാത്രം ഏൽപ്പിച്ചു. ലോകവിപണിയിൽ ലഭ്യമായ നല്ല വാക്സിനുകൾ ഇന്ത്യയിൽ ലഭ്യമാക്കാതെ കേന്ദ്ര സർക്കാർ സ്വീകരിച്ച സമീപനമാണ് സാർവ്വത്രിക വാക്സിനേഷൻ പരാജയപ്പെടുന്നതിന് ഇടയായ പ്രധാനപ്പെട്ട കാരണങ്ങൾ.

12. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,

"പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ" എന്നതിന് പകരം ഇനി പറയുന്നവ കൂട്ടിച്ചേർക്കുക.

"പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിലും സർക്കാർ നിയന്ത്രണ വിധേയമായി സ്വകാര്യ മേഖലയിലും"

അതുകൂടി ഉണ്ടെങ്കിൽ മാത്രമേ ഇത് പൂർത്തീകരിക്കപ്പെടുകയുള്ളൂ.

13. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,

രണ്ടാം വാചകത്തിനുശേഷം "കേരളത്തിൽ കെ.എസ്.ഡി.പി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയും നിലവിലുള്ളതും പുതിയതുമായ ഫാർമാപാർക്കുകൾ ഉപയോഗിച്ചും വാക്സിൻ നിർമ്മാണം ത്വരിതപ്പെടുത്തുകയും വാക്സിൻ കയറ്റുമതി നിരോധിച്ച് വാക്സിൻ ഇവിടെ ലഭ്യമാക്കിയും വാക്സിൻ ലഭ്യത ഉറപ്പു വരുത്തേണ്ട നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കേണ്ടതാണ്."

14. പ്രമേയത്തിലെ നാലാം ഖണ്ഡികയുടെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"പൗരന്റെ ആരോഗ്യ സംരക്ഷണ ഉത്തരവാദിത്വത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുന്ന സമീപനവും അതിന്റെ ഭാഗമായി വാക്സിൻ വാങ്ങേണ്ട മുഴുവൻ ഉത്തരവാദിത്വവും സംസ്ഥാനങ്ങൾക്ക് മാത്രമാണെന്ന കേന്ദ്ര സർക്കാർ തീരുമാനവും മാറ്റേണ്ടതുണ്ട്."

15. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയ്ക്കുശേഷം ഇനിപ്പറയുന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുക.

"കേന്ദ്ര സർക്കാർ വാക്സിനായി മാറ്റിവെച്ച മുപ്പതിനായിരം കോടി രൂപ ഉപയോഗിച്ച് ഇന്ത്യയിലും സംസ്ഥാന സർക്കാർ മാറ്റിവെച്ച ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജിൽ നിന്നും കേരളത്തിന് വേണ്ടി പണം ചെലവഴിച്ചും വാക്സിൻ ജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം."

16. പ്രമേയത്തിലെ നാലാം ഖണ്ഡികയ്ക്കുശേഷം ഇനിപ്പറയുന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുക.

"അത് രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭത്തിലുപരി ജനങ്ങളുടെ ജീവന് ഈ മഹാമാരിക്കാലത്ത് രാജ്യം കാണിക്കേണ്ട വലിയ ഉത്തരവാദിത്ത്വവുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനൂപ് ജേക്കബ് എന്നിവർ പ്രമേയത്തിന് ഭേദഗതികൾ തന്നിരുന്നു. അവ വൈകിയാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിച്ചത്, അതിനാൽ അവ സർക്കുലേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. അതിനാൽ അവ അവതരിപ്പിക്കാനാകില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ അംഗീകരിക്കാൻ പോകുന്ന ഭേദഗതികളോടുകൂടി മന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞങ്ങൾ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയത്തെക്കുറിച്ച് അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയും അതുപോലെ യു.ഡി.എഫ്-ഉം ഇതിനുമുൻപ് വളരെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ആ വാക്സിൻ

നയത്തെ ബഹുമാനപ്പെട്ട സുപ്രീംകോടതിയും വിമർശിച്ചിട്ടുണ്ട്. രാജ്യത്തെ ജനങ്ങൾക്കെല്ലാവർക്കും സൗജന്യമായി വാക്സിൻ എത്തിച്ചുകൊടുത്ത് ഒരു ഹെർഡ് ഇമ്മ്യൂണിറ്റി നമ്മുടെ രാജ്യത്തുണ്ടാക്കി ഈ രോഗത്തെ, ഈ മഹാമാരിയെ തടുത്തുനിർത്താൻ വേണ്ടിയുള്ള പൂർണ്ണമായ ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനുണ്ടെന്നുള്ളത് വിസ്മരിച്ചുകൊണ്ടാണ് അവർ ഇതുവരെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. രണ്ട് കുത്തകകൾക്ക് പൂർണ്ണമായി വാക്സിൻ നിർമ്മാണത്തിനുള്ള അവസരം നൽകിക്കൊണ്ട്, ലോകത്തിന്റെ ഏറ്റവും വലിയ മരുന്ന് ഉൽപ്പാദകരാണ് ഇന്ത്യ. ഇതുപോലുള്ള ഒരു വാക്സിൻ ആവശ്യം വരുമ്പോൾ, ഏറ്റവും നന്നായി മരുന്ന് ഉൽപ്പാദിപ്പിക്കാൻ, ആവശ്യമായ വാക്സിൻ ഉൽപ്പാദിപ്പിക്കാൻ വേണ്ടിയുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികൾ സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമുള്ള രാജ്യമാണ് ഇന്ത്യ. ആ രാജ്യത്തെ ഈ സംവിധാനങ്ങളെ പ്രയോജനപ്പെടുത്താതെ.... മൂന്നാം ലോക രാജ്യങ്ങൾക്ക് മുഴുവൻ മരുന്ന് കയറ്റി അയയ്ക്കുന്ന ഏറ്റവും വലിയ മരുന്ന് എക്സ്പോർട്ടറാണ് ഇന്ത്യ. അങ്ങനെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതെ രണ്ട് സ്ഥാപനങ്ങൾക്ക് മാത്രം മരുന്ന് ഉണ്ടാക്കാനും ആ സ്ഥാപനങ്ങൾക്കുതന്നെ വില നിശ്ചയിക്കാനുമുള്ള അനുവാദം കൊടുക്കുകയും ചെയ്തുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ. കാരണം ഏതെങ്കിലും ഫാർമസ്യൂട്ടിക്കൽ

കമ്പനിയോട്, കൂടുതൽ ഫാർമസ്യൂട്ടിക്കൽ കമ്പനികളോട് അവർക്ക് ഇതിനുള്ള അവകാശം കൊടുത്തുകൊണ്ട് അവർ ഉൽപ്പാദിപ്പിക്കുന്ന മരുന്ന് പൂർണ്ണമായും കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് അതിന്റെ പ്രൈസ് ഫിക്സിംഗ് പൂർണ്ണമായും, ഇന്ത്യയിൽ ഇന്ന് നിർമ്മിക്കുന്ന എല്ലാ മരുന്നുകളുടേയും വില നിർണ്ണയിക്കാനുള്ള അവകാശം കേന്ദ്ര സർക്കാർ നിയമിച്ച ഒരു കമ്മിറ്റിക്കാണ്. ആ സംവിധാനം നമ്മുടെ രാജ്യത്ത് നിലനിൽക്കുമ്പോൾ, ആ സംവിധാനത്തെ മറികടന്നുകൊണ്ട് ഈ വാക്സിനേഷന്റെ കാര്യത്തിൽ ഇത് ഉൽപ്പാദിപ്പിക്കുന്ന, ഉൽപ്പാദകരായ കുത്തകക്കാർക്ക്... കാരണം നമുക്ക് വേറെ മരുന്ന് കിട്ടാതെ വരും. ഈ രണ്ട് കമ്പനികളെ മാത്രം സംസ്ഥാന ഗവൺമെന്റ് ആശ്രയിക്കേണ്ടി വരും. ആ സാഹചര്യത്തിൽ ഈ രണ്ടു കമ്പനികൾക്ക് മാത്രം കൊടുത്ത്, അവർ തന്നെ വില നിശ്ചയിക്കുന്ന സാഹചര്യം ഈ രാജ്യത്ത് ഇന്നുവരെ പുലർത്തിപോന്ന മരുന്നിന്റെ വില നിശ്ചയിക്കുന്ന നയത്തിന് പൂർണ്ണമായും എതിരാണ്. ഏത് മരുന്നാണെങ്കിലും വില നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും നൽകേണ്ട വാക്സിൻ സംബന്ധിച്ച് വില നിശ്ചയിക്കാനുള്ള അധികാരം കമ്പനികൾക്ക് കൊടുത്തതാണ് ഏറ്റവും ഗുരുതരമായ തെറ്റ്. സൗജന്യമായി ഞങ്ങൾ കൊടുക്കുമെന്ന് ആദ്യം അവകാശപ്പെടുകയും അതിനുവേണ്ടിയുള്ള പണം നീക്കിവയ്ക്കുകയും ചെയ്തശേഷം, പിന്നീട് സംസ്ഥാന

സർക്കാരുകളോട് അതിനുവേണ്ടിയുള്ള പണം കൊടുക്കണമെന്ന് പറഞ്ഞു. കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാന സർക്കാരുകളും ഇന്ന് ഈ ഗവൺമെന്റ് ചെയ്യുന്നതുപോലെ തന്നെ അതിശക്തമായി ഈ സമീപനത്തെ എതിർത്തിട്ടുണ്ടെന്നുകൂടി പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്ത് ആദ്യത്തെ വാക്സിനല്ല ഇത്, നമ്മുടെ രാജ്യത്തുനിന്നും സ്മാൾപോക്സ് eradicate ചെയ്തിട്ടുണ്ട്, പോളിയോ eradicate ചെയ്തിട്ടുണ്ട്. ഇന്നും ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്ക് വാക്സിനുകൾ കൊടുക്കുന്നുണ്ട്. കുഞ്ഞ് ജനിക്കുമ്പോൾ തന്നെ ഒരു കാർഡ് കിട്ടും, അതിന്റെ ദിവസം, ടൈംടേബിൾ എല്ലാം ഉണ്ട്. ഇത്രയും സാമ്പത്തികസ്ഥിതി ഇല്ലാതിരുന്ന, രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ദുർബലമായിരുന്നൊരു കാലത്തുപോലും ഈ വാക്സിനുകളെല്ലാം സൗജന്യമായി നൽകാൻ ഇതിനുമുൻപ് ഭരിച്ചിരുന്ന കോൺഗ്രസ് ഗവൺമെന്റുകൾ തയ്യാറായിട്ടുണ്ട്. എല്ലാ വാക്സിനുകളും നമ്മുടെ രാജ്യത്ത് സൗജന്യമായിരുന്നു. ഇന്നും ഈ രാജ്യത്ത് ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും ഈ വാക്സിനുകളെല്ലാം സൗജന്യമായി കൊടുക്കുമ്പോൾ ഇതുപോലെ ഒരു മഹാമാരി വന്നിട്ട് ആ വാക്സിനുകൾ സൗജന്യമായി കൊടുക്കില്ലെന്ന് പറയാനുള്ള തീരുമാനം എന്തുകൊണ്ട് ഗവൺമെന്റ് എടുത്തു. മാത്രമല്ല, സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന് കൊടുക്കുന്ന വാക്സിന്

ഒരു വില, സംസ്ഥാന ഗവൺമെന്റുകൾക്ക് കൊടുക്കുന്ന വാക്സിന് മറ്റൊരു വില, എന്തൊരു വിവേചനമാണ് ഗവൺമെന്റ് ചെയ്യുന്നത്. ഈ സ്വകാര്യ കമ്പനികൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളുടെ അടിയിൽ കൈയ്യൊപ്പ് ചാർത്താനാണോ കേന്ദ്ര സർക്കാർ ഈ രാജ്യത്ത് ഇരിക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളോടുള്ള ഏറ്റവും കടുത്ത പ്രതികാര നടപടി ചെയ്യുന്നതുപോലെയാണ്, ഈ രാജ്യത്തെ ജനങ്ങൾക്ക് സഹായമാകേണ്ട കേന്ദ്ര ഗവൺമെന്റ് ചെയ്തത്. അതുകൊണ്ട് ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു, ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും, ഇതിനോട് എതിർപ്പുള്ള എല്ലാ സംസ്ഥാനങ്ങളേയും ഒരുമിപ്പിച്ച് നിർത്തിക്കൊണ്ടുതന്നെ കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയം തിരുത്തിയെഴുതാനുള്ള പോരാട്ടം നമ്മൾ ഒരുമിച്ച് നടത്തണം, ഈ രാജ്യത്തെ ജനങ്ങളുടെ പിന്തുണ അതിനുണ്ടാകുമെന്ന് ഞങ്ങൾക്ക് പൂർണ്ണമായും ഉറപ്പുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നതായി അറിയിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, അവതരിപ്പിക്കപ്പെട്ട ഭേദഗതികളിൽ ബഹുമാന്യനായ എൻ. ഷംസുദ്ദീൻ എം.എൽ.എ. അവതരിപ്പിച്ച നാലാമത്തെ ഭേദഗതി, പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ, 'അതിനാൽ' എന്നതിനുശേഷം

'കേരളം ആവശ്യപ്പെടുന്ന' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുകയെന്ന ഭേദഗതി സ്വീകരിക്കാവുന്നതാണ്, മറ്റെല്ലാ ഭേദഗതികളും അതിന്റെ ആശയവും അന്തഃസത്തയും ഈ പ്രമേയത്തിൽ അന്തർലീനമാണ്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതി സഭ അംഗീകരിക്കുകയും 1, 2, 3, 5 എന്നീ ഭേദഗതികൾ സഭ നിരാകരിക്കുകയും ചെയ്തു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 6, 7, 8, 9, 10 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 11, 12, 13, 14, 15, 16 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.